പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .4906 — 14.11.2019-ൽ മറുപടിക്ക്

## മണൽ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | മണലിന്റെ ലഭ്യതക്കുറവുമൂലം നിർമ്മാണമേഖലയിൽ വന്നിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മണലിന്റെ ലഭ്യതക്കുറവുമൂലം മണൽവാരി ഉപജീവനം നടത്തിവന്നിരുന്ന തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) മണലിന്റെ ലഭ്യതക്കുറവുമൂലം മണൽവാരി ഉപജീവനം നടത്തിവന്നിരുന്ന തൊഴിലാളികൾ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കേരളത്തിൽ തുടർച്ചയായി രണ്ട് വർഷങ്ങളിലുണ്ടായ പ്രളയത്തിന്റെ ഭാഗമായി പുഴകളിലും ഡാമുകളിലും സ്വകാര്യ സ്ഥലങ്ങളിലുമെല്ലാം വലിയ തോതിൽ മണൽ അടിഞ്ഞ് കൂടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണൽ ശേഖരിച്ചാൽ പുഴകളിലേയും ഡാമുകളിലേയും സംഭരണ ശേഷി കൂട്ടാൻ കഴിയുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ഡി) പ്രളയത്തിൽ നദികളിൽ അടിഞ്ഞ് കൂടിയ മണൽ ശേഖരിച്ച് പുഴകളുടെ സംഭരണ ശേഷി കൂട്ടുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഇ) | പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ നിബന്ധനകൾക്ക് വിധേയമായി മണൽ ശേഖരിക്കുന്ന | (ഇ) പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ മണൽ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രളയം ബാധിച്ച പ്രധാന നദികളായ പെരിയാർ, പമ്പ, |

| | | | |
|---|---|---|---|
| | തിനും വിപണനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഭാരതപ്പുഴ എന്നീ നദികളുടെ സാൻഡ് ആഡിറ്റിംഗ് പുരോഗമിക്കുന്നുണ്ട്. സാൻഡ് ആഡിറ്റിംഗ് റിപ്പോർട്ട് അടിസ്ഥാനമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | നടപടിക്രമങ്ങൾ പൂർത്തിയാക്കി മണൽവാരൽ നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | നടപടിക്രമങ്ങൾ പൂർത്തിയാക്കി മണൽ വാരൽ നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. സാൻഡ് ആഡിറ്റിംഗ് അടിസ്ഥാനമാക്കി ഓരോ നദിയിലെയും മണൽ നിയമാനുസൃതം നീക്കം ചെയ്യുന്നതിന് ജില്ലാതലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**